<u>**14 -ാം കേരള നിയമസഭ**</u>

<u>**22 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2792**</u> <u>**22-01-2021 - ൽ മറുപടിയ്ക്ക്**</u>

<u>**വേങ്ങര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.കെ .എൻ .എ. ഖാദർ** | | **Shri. K. Krishnankutty**<br>**(ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | വേങ്ങര നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി പൂർത്തീകരിച്ച കുടിവെള്ളപദ്ധതികൾ ഏതൊക്കെയെന്നും നിലവിൽ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നവ ഏതൊക്കെയെന്നും ഉള്ള വിശദാംശങ്ങൾ നൽകാമോ; | (എ) | വേങ്ങര നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി പൂർത്തീകരിച്ചതും പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നതുമായ കുടിവെള്ള പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവയിലെല്ലാം ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവൃത്തികൾ ഇനം തിരിച്ച് അറിയിക്കാമോ; ചെലവഴിച്ച തുകയുടെ വിവരങ്ങളും ഏതിനത്തിൽ ഫണ്ട് ലഭ്യമാക്കിയെന്നും അറിയിക്കാമോ; | (ബി) | വേങ്ങര നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി പൂർത്തീകരിച്ചതും പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നതുമായ കുടിവെള്ള പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണ്; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാനാകും; വിശദമാക്കുമോ? | (സി) | വേങ്ങര നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി പൂർത്തീകരിച്ചതും പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നതുമായ കുടിവെള്ള പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>കേരള വാട്ടര്‍ അതോറിറ്റി</u>

**<u>വേങ്ങര നിയോജകമണ്ഡലത്തിൽ ഈ സര്‍ക്കാരിന്റെ കാലത്ത് വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി പൂർത്തീകരിച്ച പദ്ധതികൾ</u>**

1. സ്റ്റേറ്റ് പ്ലാൻ – ഒതുക്കുങ്ങൽ റോഡിൽ 50 mm, ജി ഐ പൈപ്പ് മാറ്റി 1110 മീറ്റർ 80 mm ജി ഐ പൈപ്പ് സ്ഥാപിക്കുന്നപ്രവൃത്തി

2. സ്റ്റേറ്റ് പ്ലാൻ – ഒതുക്കുങ്ങൽ മുനമ്പം മുസല്യാരങ്ങാടിയിലെ കേടുവന്ന ക്യാബിൻ പമ്പ്ഹൗസ് ഫാബ്രിക്കേറ്റഡ് പമ്പ്ഹൗസ് ആക്കി മാറ്റുന്ന പ്രവൃത്തി

3. എസ്. എൽ. എസ്. എസ്. സി. 2013 ൽ ഉൾപ്പെടുത്തി കണ്ണമംഗലം സമഗ്രഹ കുടിവെള്ള പദ്ധതിയുടെ 75 എച്ച്. പി. ക്ലിയർ വാട്ടർ പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി. (എൻ.ആർ. ഡി. ഡബ്ല്യൂ. പി.ശീർഷകം).

4. എസ്. എൽ. എസ്. എസ്. സി. 2016 ൽ ഉൾപ്പെടുത്തി കണ്ണമംഗലം സമഗ്രഹ കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി. (എൻ.ആർ. ഡി. ഡബ്ല്യൂ. പി. ശീർഷകം).

**<u>പൂർത്തീകരിക്കാനുള്ള പദ്ധതികൾ</u>**

1. സ്റ്റേറ്റ് പ്ലാൻ–കണ്ണമംഗലം പഞ്ചായത്തിൽ 25 എച്ച്.പി. സെൻട്രിഫ്യൂഗൽ ക്ലിയർ വാട്ടർ പമ്പ് സെറ്റ് ലഭ്യമാക്കി സ്ഥാപിക്കൽ– റീ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

2. ജെ.ജെ.എം. ഒതുക്കുങ്ങൽ പഞ്ചായത്തിൽ ഗാർഹിക കണക്ഷൻ കൊടുക്കുന്ന പ്രവൃത്തി– റീ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

3. ജെ.ജെ.എം.– കണ്ണമംഗലം പഞ്ചായത്തിൽ ഗാർഹിക കണക്ഷൻ കൊടുക്കുന്ന പ്രവൃത്തി– റീ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

**<u>ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്രവർത്തികളും ചെലവഴിച്ച തുകയും</u>**

**<u>1.</u>** എസ്.എൽ.എസ്.എസ്.സി. 2013–ൽ 1000 ലക്ഷം രൂപ എൻ.ആർ. ഡി. ഡബ്ല്യൂ. പി. ശീർഷകത്തിൽ വകയിരുത്തിയിരുന്നു. കണ്ണമംഗലം സമഗ്ര കുടിവെള്ള പദ്ധതിയുടെ 75 എച്ച്.പി. ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കാൻ 21.57 ലക്ഷം രൂപ ചെലവഴിച്ചു.

2. എസ്.എൽ.എസ്.എസ്.സി. 01.03.2016–ൽ എൻ.ആർ. ഡി. ഡബ്ല്യൂ. പി.

ശീർഷകത്തിൽ വകയിരുത്തിയിരുന്നു. പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കാൻ റോഡ് റീസ്റ്റോറേഷൻ തുക അടക്കം 1345 ലക്ഷം രൂപ, ചെലവഴിച്ച് പൂർത്തീകരിച്ചു .

3. സ്റ്റേറ്റ് പ്ലാൻ–ഒതുക്കുങ്ങൽ റോഡിൽ 50 എംഎം ജിഐ പൈപ്പ് മാറ്റി– 1100 മീ. 80 എംഎം. ജിഐ. സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 10 ലക്ഷം രൂപയും, സ്റ്റേറ്റ് പ്ലാൻ–ഒതുക്കുങ്ങൽ മുനമ്പം മുസല്യരങ്ങാടിയിലെ കേടുവന്ന കേബിൽ പമ്പ് ഹൗസ് ഫാബ്രിക്കേറ്റഡ് കേബിൾ പമ്പ് ഹൗസ് ആക്കുന്ന പ്രവൃത്തിക്ക് 3.50 ലക്ഷം രൂപയും ചിലവഴിച്ചിട്ടുണ്ട്. പദ്ധതികൾ രണ്ടും പൂർത്തീകരിച്ചു.

4. ഒതുക്കുങ്ങൽ, കണ്ണമംഗലം പഞ്ചായത്തുകൾക്ക് ജെ.ജെ.എം. പദ്ധതിയിൽ ഗാർഹിക കണക്ഷൻ നൽകാൻ യഥാക്രമം 1146 ലക്ഷം രൂപയും 1205 ലക്ഷം രൂപയും സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്.

**<u>പൂർത്തീകരിക്കാത്ത പ്രവർത്തികളുടെ നിലവിലെ സ്ഥിതി</u>**

സ്റ്റേറ്റ് പ്ലാൻ– കണ്ണമംഗലം പഞ്ചായത്തിൽ 25 എച്ച്.പി. സെൻട്രിഫ്യൂഗൽ ക്ലിയർ വാട്ടർ പമ്പ് സെറ്റ് ലഭ്യമാക്കി സ്ഥാപിക്കുന്ന പ്രവൃത്തി റീ ടെൻഡർ ക്ഷണിച്ചിട്ടുണ്ട് . പ്രസ്തുത പ്രവർത്തി 2021 മാർച്ച് 31 നകവും ഒതുക്കുങ്ങൽ, കണ്ണമംഗലം പഞ്ചായത്തുകളിലെ വീടുകൾക്ക് ജെ.ജെ.എം. പദ്ധതിയിൽ ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി 2021 ജൂലൈ മാസത്തോടെയും പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

## <u>കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജന്‍സി</u>

വേങ്ങര നിയോജക മണ്ഡലത്തില് ഈ സർക്കാരിന്റെ കാലത്ത് വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പഞ്ചായത്ത് | പ്രവൃത്തികളുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | ഫണ്ടിംഗ് ഏജൻസി |
|---|---|---|---|
| ഊരകം വേങ്ങര പറപ്പൂർ | മൾട്ടി ഗ്രാമ പഞ്ചായത്ത് ഊരകം വേങ്ങര പറപ്പൂർ പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി | 3760.10 | ലോക ബാങ്ക് |
| പറപ്പൂർ | ചോലക്കുണ്ട് ജലനിധി കുടിവെള്ള പദ്ധതി | 262.99 | ലോക ബാങ്ക് |
| | പറപ്പൂർ ജലനിധി കുടിവെള്ള പദ്ധതി | 234.97 | ലോക ബാങ്ക് |
| | ഇല്ലിപുലാക്കൽ ആശാരിപ്പടി GP റീഹാബിലിറ്റേഷൻ | 115.53 | ലോക ബാങ്ക് |
| | പാലാനി GP റീഹാബിലിറ്റേഷൻ | 27.93 | ലോക ബാങ്ക് |
| | ചെനക്കൽ GP റീഹാബിലിറ്റേഷൻ | 51.29 | ലോക ബാങ്ക് |
| | കുഴിപ്പുറം GP റീഹാബിലിറ്റേഷൻ | 13.78 | ലോക ബാങ്ക് |
| | കല്ലൻ കോളനി GP റീഹാബിലിറ്റേഷൻ | 6.74 | ലോക ബാങ്ക് |
| | മിനിസ്റ്റേഡിയം GP റീഹാബിലിറ്റേഷൻ | 28.13 | ലോക ബാങ്ക് |
| | ആസാദ് നഗർ GP റീഹാബിലിറ്റേഷൻ | 8.32 | ലോക ബാങ്ക് |
| | കുഴിപ്പുറം സുസ്ഥിരത പദ്ധതി | 10.00 | കേരള സർക്കാർ |
| | ചോലക്കുണ്ട് സുസ്ഥിരത പദ്ധതി | 10.00 | കേരള സർക്കാർ |
| | ചെനക്കൽ കുണ്ടാട് സുസ്ഥിരത പദ്ധതി | 8.50 | കേരള സർക്കാര് |

പറപ്പൂർ ഗ്രാമ പഞ്ചായത്തിൽ സുസ്ഥിരത പദ്ധതി വഴി നടപ്പിലാക്കുന്ന ജലനിധി കുടിവെള്ള പദ്ധതികളായ കുഴിപ്പുറം, ചോലക്കുണ്ട്, ചെനക്കൽകുണ്ടാട് എന്നിവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. 31.03.2021 ൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.